# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 429

## 26.04.2017 ലെ മറുപടിക്ക്

## <u>തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി</u>

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്ന് അറിയിക്കുമോ; | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി 2016-17 ന് കീഴിൽ അനുമതിയ്ക്കായി 16 പ്രവൃത്തികൾ (ആകെ അടങ്കൽ തുക 5 കോടി രൂപ) സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ എരൂർ പെരീക്കാട് വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് റീട്ടൈനിംഗ് വാൾ നിർമ്മാണം, എരൂർ വെട്ടുവേലിക്കടവ് ബോട്ട് ജെട്ടി, വെയ്റ്റിംഗ് ഷെൽട്ടർ, ടോയ് ലെറ്റ് എന്നിവയുടെ നിർമ്മാണം എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ധനാനുമതിയ്ക്കായി പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. മറ്റു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ; | |
| (സി) | ഇനിയും ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതെന്നും ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണവും അറിയിക്കുമോ; | |
| (ഡി) | അടിയന്തരമായി ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ